പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.379 27.09.2016-ൽ മറുപടിയ്ക്ക്

## കളിസ്ഥലങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ബി.സത്യൻ | | ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി) |

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്ഥലം ലഭ്യമാക്കിയാൽ കളിസ്ഥലങ്ങൾ നിർമ്മിച്ച് നൽകുന്ന പദ്ധതി സ്പോർട്സ് വകുപ്പിനുണ്ടോ ; ഉണ്ടെങ്കിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ ;

(ബി) പരമാവധി എത്ര തുക വരെ ഈ പദ്ധതിയ്ക്ക് അനുവദിക്കുമെന്ന് വ്യക്തമാക്കാമോ ?

(എ) & (ബി) കായികവകുപ്പിന്റെ നിലവിലുള്ള സ്മൈൽ പദ്ധതി പ്രകാരം സ്വന്തമായി സ്ഥലം ഉള്ള സ്ഥാപനങ്ങൾക്ക് കളിസ്ഥലം നിർമ്മിച്ച് നൽകി വരുന്നുണ്ട്. (വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു). എല്ലാ പഞ്ചായത്തുകളിലും ഒരു കളിസ്ഥലം നിർമ്മിക്കുന്നതിനുവേണ്ടി 5 കോടി രൂപ വീതം തെരഞ്ഞെടുത്ത 25 പഞ്ചായത്തുകൾക്ക് 135 കോടി രൂപ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

ഓരോ പദ്ധതിക്കും താഴെ പറയും പ്രകാരം തുക ചെലവഴിച്ച് കളിസ്ഥലങ്ങൾ നിർമ്മിച്ച് നൽകുന്നു.

| | |
|---|---|
| നീന്തൽക്കുളം | - 50 ലക്ഷം രൂപ |
| ഫോർലൈൻ സിന്തറ്റിക് ട്രാക്ക് | - 50 ലക്ഷം രൂപ |
| സിന്തറ്റിക് ഫുട്ബോൾ ടർഫ് | - 3 കോടി രൂപ |
| മൾട്ടി സ്പോർട്സ് പ്ലേ സ്പെയ്സ് | - 25 ലക്ഷം രൂപ |
| ഫുട്സാൽ കോർട്ട് | - 45 ലക്ഷം രൂപ |
| ലോംഗ് ജമ്പ് & ട്രിപ്പിൾ ജമ്പ് പിറ്റ് | - 6 ലക്ഷം രൂപ |
| ഹൈജമ്പ് ലാന്റിംഗ് പിറ്റ് | - 41 ലക്ഷം രൂപ |
| കബഡി ഫ്ളോർ | - 75 ലക്ഷം രൂപ |
| ഷട്ടിൽ ബാഡ് മിന്റൺ കോർട്ട് | -6 ലക്ഷം രൂപ |
| സ്പോർട്സ് പാർക്ക് ഫോർ ചിൽഡ്രൻ | - 90 ലക്ഷം രൂപ |
| മേപ്പിൾ വുഡ് ഫ്ളോറിംഗ് | - 25 ലക്ഷം രൂപ |

Manoj M

സെക്ഷൻ ഓഫീസർ

അനുബന്ധം

## കായിക യുവജന കാര്യാലയം.
## സ്മൈൽ പദ്ധതിയ്ക്കായുള്ള അപേക്ഷ

| | | |
|---|---|---|
| 1 | അപേക്ഷകന്റെ/സ്ഥാപനത്തിന്റെ പേര് | |
| | സ്ഥലം | |
| | പോസ്റ്റ് ഓഫീസ് | |
| | താലൂക്ക് | |
| | നിയമസഭാ മണ്ഡലം | |
| | ലോകസഭാ മണ്ഡലം | |
| | ജില്ല | |
| | എസ്.റ്റി.ഡി.കോഡ് | |
| | ഫോൺ നം. | |
| 2 | സ്ഥാപനം ഉൾപ്പെടുന്ന വിഭാഗം (ഏറ്റവും ഉചിതമായത് തെരഞ്ഞെടുക്കുക | ഗ്രാമ പഞ്ചായത്ത് |
| | | ബ്ലോക്ക് പഞ്ചായത്ത് |
| | | ജില്ലാ പഞ്ചായത്ത് |
| | | ടൗൺ പഞ്ചായത്ത് |
| | | മുനിസിപ്പാലിറ്റി |
| | | കോ-ഓപ്പറേറ്റീവ് സ്ഥാപനം |
| | | ഗവ.വിദ്യാഭ്യാസ സ്ഥാപനം |
| | | എയ്ഡഡ് സ്കൂൾ |
| | | അൺ എയ്ഡഡ് സ്കൂൾ |
| | | യൂനിവേഴ്സിറ്റി |
| | | രജിസ്റ്റേർഡ് സൊസൈറ്റി |
| | | കോ-ഓപ്പറേറ്റീവ് സ്ഥാപനം |
| | | സ്വയംഭരണ സ്ഥാപനം |
| | | സ്പോർട്സ് ഉന്നമനത്തിനായി പ്രവർത്തിക്കുന്ന കായിക സർക്കാരിതര സ്ഥാപനം |
| 3 | സ്ഥാപനത്തിനു മേൽ സർക്കാരിനുള്ള നിയന്ത്രണം | |
| 4 | ദൈനംദിന ചെലവുകൾക്കുള്ള ധനാഗമ മാർഗ്ഗം | |
| 5 | കായിക പദ്ധതികൾക്കുള്ള ധനാഗമ മാർഗ്ഗം | |
| 6 | സ്വന്തമായുള്ള കായിക അടിസ്ഥാന സൗകര്യങ്ങൾ | |
| 7 | സ്ഥാപനത്തിന്റെ മൊത്തം സ്ഥലത്തിന്റെ എത്ര ശതമാനം കളിസ്ഥലത്തിനായി വിനിയോഗിക്കാം | |
| 8 | സ്ഥാപനത്തിന്റെ അധീനതയിലുള്ള കളിസ്ഥലങ്ങൾ മറ്റു സ്ഥാപനങ്ങൾക്കോ, പൊതുജനങ്ങൾക്കോ ഉപയോഗത്തിന് അനുവദിച്ചു നൽകാറുണ്ടോ? | |
| 9 | കളിസ്ഥലം നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം സ്ഥാപനത്തിന്റെ പൂർണ്ണ അധികാരത്തിലുള്ളതാണെന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം | |
| 10 | നിർമ്മിക്കാനുദ്ദേശിക്കുന്ന കളിസ്ഥലത്തിന്റെ രൂപരേഖ | |
| 11 | നിർമ്മിക്കാനുദ്ദേശിക്കുന്ന കായിക അടിസ്ഥാന സൗകര്യത്തിന്റെ പേര് | ഷട്ടിൽ കോർട്ട് |
| | | ആധുനിക രീതിയിലുള്ള നീന്തൽക്കുളം |
| | | സിന്തറ്റിക് റണ്ണപ്പോടുകൂടിയ ലോംഗ് ജംപ്,ട്രിപ്പിൾ ജംപ് പിറ്റ് |
| | | നാലുവരി റണ്ണിംഗ് ട്രാക് |
| | | ഹൈജംപ് റൺ അപ് & ലാൻഡിങ് പിറ്റ് |
| | | കബഡി ഫ്ളോർ |
| | | സിന്തറ്റിക് ഫുട്ബോൾ ടർഫ് |
| | | ഫുട്സാൽ |
| | | മാപ്പിൾ വുഡ് ഫ്ളോറിങ് |

| | | |
|---|---|---|
| 12 | നിലവിലുള്ള ബൈലോ പ്രകാരം സ്ഥാപനത്തിന്റെ ആഡിറ്റഡ് അക്കൗണ്ട്സ് എത്ര വർഷത്തേയ്ക്ക് സ്വീകരിച്ചിട്ടുണ്ട്(ഗവ.വിദ്യാഭ്യാസ സ്ഥാപനങ്ങളൊഴികെ എല്ലാ സ്ഥാപനങ്ങളും പൂരിപ്പിക്കേണ്ടതാണ്) | |
| 13 | കേരള സർക്കാർ/ഭാരത സർക്കാർ/ സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ/ കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ/മറ്റു സർക്കാർ. പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും മുൻ വർഷങ്ങളിൽ ലഭിച്ച കളിസ്ഥല പുനരുദ്ധാരണം/ വികസനം/ ഗ്രാന്റുകളുടെ വിശദവിവരം | |

| വർഷം | സ്വീകരിച്ച തുക | തുക അനുവദിച്ച സ്ഥാപനം | ലക്ഷ്യം | വിനിയോഗിച്ചിട്ടുണ്ടോ | വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടുണ്ടോ |
|---|---|---|---|---|---|
| | | | | | |

| | | | |
|---|---|---|---|
| 13 | പട്ടികജാതി/പട്ടികവർഗ്ഗ/സ്ത്രീകൾ എന്നീ വിഭാഗങ്ങളുടെ ഉന്നമനത്തിനായി ഈ സ്ഥാപനം സഹായം തരുന്നുണ്ടോ? | ഉണ്ട് | ഇല്ല |
| | | | |
| 14 | സ്ഥാപനം ആദിവാസി മേഖലയിൽ സ്ഥിതി ചെയ്യുന്നതാണോ? | അതെ | അല്ല |
| | | | |
| 15 | 1.4.2012 മുതൽ 31.3.2014 വരെ സ്ഥാപനം ആതിഥ്യം വഹിച്ച ടൂർണമെന്റുകൾ(പത്രപരസ്യം (8) ബിയിൽ നിർദ്ദേശിച്ച സാക്ഷ്യപത്രം സർട്ടിഫിക്കറ്റ് മുൻഗണന കിട്ടാൻ നിർബന്ധം) | | |

| ടൂർണമെന്റ് തീയതി | സ്ഥലം | ടൂർണമെന്റിന്റെ പേര് | ടൂർണമെന്റിന്റെ തലം/ പ്രാദേശികം/ ബ്ലോക്/ | പങ്കെടുത്ത ടീമുകളുടെ എണ്ണം | അഭിപ്രായം |
|---|---|---|---|---|---|
| | | | | | |

| | | |
|---|---|---|
| 16 | 1.4.2012 മുതൽ 31.3.2014 വരെ സ്ഥാപനത്തിൽ നിന്നും പരിശീലനം ലഭിച്ച സംസ്ഥാന/ദേശീയ/അന്തർദ്ദേശീയ ലെവൽ) ടൂർണമെന്റുകളിൽ പങ്കെടുത്തവരുടെ നേട്ടങ്ങളുടെ വിശദ വിവരം(ടൂർണമെന്റിലെ നേട്ടങ്ങളുടെ സാക്ഷ്യപത്രത്തിന്റെ പകർപ്പും പത്രപരസ്യത്തിന്റെയും പകർപ്പും ഉൾപ്പെടുത്തുന്നതുവഴി മുൻഗണന ലഭിയ്ക്കും) | |

| ടൂർണമെന്റിന്റെ പേര് | ടൂർണമെന്റിന്റെ തലം/ പ്രാദേശികം/ ബ്ലോക്/ | ടൂർണമെന്റ് നടത്തിയ സ്ഥലവും തീയതിയും | ഇനം | പങ്കെടുത്ത വ്യക്തിക്കു ലഭിച്ച വിജയ നിലവാരം | പങ്കെടുത്തയാളിന്റെ പേര് |
|---|---|---|---|---|---|
| | | | | | |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| 17 | അപേക്ഷയ്ക്കൊപ്പം സമർപ്പിക്കേണ്ടതായ രേഖകളുടെ പട്ടിക | | | | * കൈവശവകാശ സർട്ടിഫിക്കറ്റ്<br>ബാധ്യതകളൊന്നുമില്ലെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്<br>* സ്ഥലത്തിന്റെ പ്രാപ്യത | |
| | | | | | | |

**പ്രഖ്യാപനം.**

മേൽപ്പറഞ്ഞ വിവരങ്ങളെല്ലാം സത്യമാണ്. കളിസ്ഥലം പൊതുജനങ്ങൾക്ക് സൗകര്യമായി തുറന്നുകൊടുക്കുന്നതാണ് എന്ന് ഇതിനാൽ സമ്മതിച്ചുകൊള്ളുന്നു.

ഒപ്പ്.
അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും.

റബ്ബർ സ്റ്റാമ്പ്

സ്ഥലം:
തീയതി

ജില്ലാ കളക്ടർ/ജില്ലാ സ്പോർട്സ് കൗൺസിൽ സെക്രട്ടറി എന്നിവരുടെ ശുപാർശ

1) മുഴുവൻ ഇനങ്ങളും പൂരിപ്പിക്കുക. ഏതെങ്കിലും ഇനം ബാധകമല്ലെങ്കിൽ 'ബാധകമല്ല' എന്നെഴുതുക
2) തെറ്റായ വിവരങ്ങൾ ഉൾപ്പെടുത്തുകയോ ഏതെങ്കിലും ഇനം പൂരിപ്പിക്കാതിരിക്കുകയോ ചെയ്താൽ അപേക്ഷ നിരസിക്കുന്നതാണ്.

സ്മൈൽ പദ്ധതിയിൽ സ്ഥാപനങ്ങൾ തെരഞ്ഞെടുക്കുന്നതിനായുളള മാനദണ്ഡങ്ങൾ

1. കളിസ്ഥലം സ്ഥാപനത്തിൽ നിർമ്മിക്കുന്നതിന് തടസ്സമില്ലെന്നും സ്ഥാപനം തെരഞ്ഞെടുക്കുന്ന പക്ഷം പദ്ധതി നടപ്പിലാക്കുന്ന ഭൂമി നിരപ്പാക്കുകയും മരങ്ങളുൾപ്പെടെയുളള മറ്റെന്തെങ്കിലും തടസ്സങ്ങൾ ഭൂമിയിൽ ഉണ്ടെങ്കിൽ ആയത് ഒഴിവാക്കി ഭൂമി പദ്ധതിയ്ക്കായി തയ്യാറാക്കി നൽകുമെന്നതിന്റെ സാക്ഷ്യപത്രം, സ്ഥലത്തിന്റെ രൂപരേഖ, കൈവശവകാശ സർട്ടിഫിക്കറ്റ് എന്നിവ സമർപ്പിക്കേണ്ടതാണ്.

2. കളിസ്ഥലം നിർമ്മിക്കുമ്പോൾ ആ പ്രദേശത്തുളള കുട്ടികളുടെയും യുവാക്കളുടേയും കളിയോടുളള താല്പര്യവും പ്രാവീണ്യവും. കൂടാതെ ഒരു കായിക അദ്ധ്യാപകന്റെ സേവനം ലഭ്യമായിട്ടുളള സ്ഥാപനമായിരിക്കണം.

3. കായിക താരങ്ങൾക്ക് കളിസ്ഥലത്ത് വന്ന് ചേരുന്നതിനുളള വാഹന സൗകര്യം ലഭ്യമാണോ എന്ന് വ്യക്തമാക്കിയിരിക്കണം.

4. ജില്ലാ സംസ്ഥാന സ്കൂൾ മത്സരങ്ങളിലും യൂണിവേഴ്സിറ്റി ഇന്റർ കോളീജിയേറ്റ് മത്സരങ്ങളിലും പങ്കെടുത്ത് നേട്ടങ്ങൾ കൈവരിക്കുന്ന സ്കൂളുകളിലേയും കോളേജുകളിലേയും കളിസ്ഥലങ്ങൾക്ക് മുൻഗണനയുണ്ടായിരിക്കും.

5. കായികപരമായി വളരെയധികം നേട്ടങ്ങൾ കൈവരിച്ചിട്ടുളള അംഗീകൃത ക്ലബ്ബുകൾക്ക് സ്വന്തമായി സ്ഥലം ഉണ്ടെങ്കിൽ 2(1)-ൽ സൂചിപ്പിച്ചിരിക്കുന്ന കാര്യങ്ങൾ പൂർണ്ണമാണെങ്കിൽ അത്തരം ക്ലബ്ബുകളുടെ കളിസ്ഥലങ്ങളും പരിഗണിയ്ക്കുന്നതാണ്.

6. കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ കീഴിലുളള (സ്പോർട്സ് ഹോസ്റ്റൽ, സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ, റൂറൽ ട്രെയിനിംഗ് സെന്റർ, ഡേ ബോർഡിംഗ് സ്കീം, സ്പോർട്സ് ട്രെയിനിംഗ് സെന്റർ) എന്നിവ നിലനിൽക്കുന്ന സ്ഥാപനങ്ങളിലെ കളിസ്ഥലങ്ങൾ 2 (1)ൽ സൂചിപ്പിച്ചിരിക്കുന്ന കാര്യങ്ങൾ പൂർണ്ണമെങ്കിൽ പരിഗണിക്കുന്നതാണ്.

Mary M
സെക്ഷൻ ഓഫീസർ